Killing of tigers is banned, but poachers sneak into the forest and quietly shoot or poison the beautiful animals - just like Veerappan who illegally kills for their price less ivory. Some people shoot tigers just for fun.

For these reasons, the population of tigers in India has been reduced to five thousand. That means forty five thousand beautiful animals were killed in just sixty years.

A tiger kills only to feed itself. They attack humans rarely. Of course, some times tigers - those wounded by poachers - will turn into 'man eaters' because they are unable to chase their prey. Killing man is easy.

The tiger is indeed a very brave animal- that's why its name is associated with our own brave warriors like Shivaji, Tipu Sultan, Sher Shah or with eminent personalities like Saurav Ganguly - the Bengal tiger.

We do have normal coloured and "white" tiger in our various zoos but unfortunately they are not looked after properly. They are mostly under fed and kept in narrow cages. Also, zoo visitors- especially some school children often tears the caged tigers by tossing pebbles at them. This cause discomfort of tigers in land also.

In the state of Orissa there is an animal sanctuary- where wild animals are kept in safe custody for people to watch and enjoy. It is called the Nanndankanan Sanctuary. In one month as many as thirteen tigers (one of them a rare white tiger) were found dead in their enclosures there. This occurred due to the carelessness of man only.

Very prompt steps were taken for the conservation of the endangered species in these recent years. Many check posts were made in the reserve forest areas to catch poachers. Many projects were started to save the tigers like save Tiger Project. In just a dozen years these conservation methods bore fruit and their wild life is back a normal.

It is our duty to stand together and save our wild life, too.

OUR INDIA

Arjunkumar. K.K
VIII - C

India never invaded any country in her last 10,000 years of history.

India produces more films than any other country in the world. More than 800 year Bombay in the centre of Indian film industry.

The place value system, the decimal system was developed in India in 100 B.C.

The design of the Indian national flag was adapted by the constituent assembly of India on July 22, 1947.

Zero

India invented the number system. Also Aryabhatta invented the zero.

Chess

Chess was invented in India.

A tribute to man's ability to create

Wonderful monuments

Ajay Sankar
X-C

Nature, the bountiful has given us amazing natural beauties in the form of mountains, lakes, volcanoes and forests. But over the centuries, man has also created beautiful and breath taking monuments symbolising victory, love, celebration and jubilation. This is a tribute to man's ability to create wonderful and enduring monuments - monuments by which often a country is identified like the Eiffel tower and our own Taj mahal. Similarly, there are many such monuments.

1. Merlion Statue - Singapore

The Merlion park is home to half- lion, half-fish sculpture which is a national icon. Officially installed on 15 Sept. 1972, the merlion statue situated on the mouth of Singapore river, is a favourite among photographers and tourists.

2. The Sphinx - Egypt

The great Sphinx of Giza is a symbol that has represented the essence of Egypt for thousands of years, carved from the bedrock of Giza plateau, the body of a lion with head of king or God, the sphinx has come to symbolize strength and wisdom.

3. The Leaning Tower of Pisa - Italy

The Leaning Tower of Pisa located in Pisa, Italy stands 177 feet tall and leaning about 10^0 (17 feet). Constructed in 1174, it is a bell tower, and it stands amidst a cathedral and a baptistery in the Pizza del Duomo (cathedral square) which is in the centre of Pisa.

4. Great wall of China - China

Constructed in the 7th century B.C. for defence purposes the Great wall covers a total length of over 6,000 kilometres. A major renovation started with establishment of Ming Dynasty in 1368, and took 200 years to complete. This is the Great wall of China, which is said to be from the moon.

5. The Colosseum - Rome

The Colosseum was originally called the Flavian Ampitheatre after its builders, the emperors Vespasian and Titus, both of the Flavian family. Construction began around 70 AD and completed in 80 AD and seated more than 50,000 spectators.

6. Taj Mahal - India

A poetry in white marble symbolizing eternal love is Tajmahal. It stands on the bank of River Yamuna, built by the fifth mugal ruler, Shah Jahan in 1631 in memory of his beloved wife Mumtaz mahal, who died during child birth. Twenty thousand people took 22 years to complete it. It was designed by an Iranian architect in USA.

7. Big Ben - UK

One of London's most famous landmarks, Big Ben is located in west minister, London, at the east end of the parliament buildings. The four clock faces of Big Ben keep constant watch over the city and it's people. "Big Ben" refers to the huge 13th bell which strikes the hour. The bell was named after a popular boxer Benfamin caunt.

8. Sydney Opera House - Australia


Perhaps nothing identifies Australia more than a breathtaking view of the Sydney Opera House. Designed by Danish architect Jorn Utson, it is lauded by many as one of the architectural wonders in the modern world. It attracts 90% of tourists who visit Sydney and acts as a major home to the performing arts in Australia.

9. The Eiffel Tower - France

The Eiffel Tower was built offer the International Exhibition of Paris of 1889 commemorating the centenary of French revolution. The designer was Custaue Eiffel. At 300 meters (320.75 m including antenna), and 7000 to, it was the world's tallest building until 1930. Beginning in 1910 it became part of the International time service.

10. Statue of Liberty - USA

Located in Newyork Harbour, the statue of liberty was a gift of International friendship from the people of France to the people of the United States and is one of the most universal symbols of political freedom and democracy. Statue of liberty was dedicated on October 28, 1886 and was designed as a national monument on October 15, 1924.


SCENES
FROM
Sports Day

ONAM CELEBRATION





'Ona sadya' arranged by the Staff





Pookalams Prepared by the Students








Millennium X'MAS Celebrations





Sharing the joy of Christmas with 'Akasaparavakal'

Kalolsavam 2000




Glimpses Of School Youth Festival



മലയാള വിഭാഗം





കഥ

പെയ്തൊഴിഞ്ഞ മഴ

വിവേക് വിജയൻ. പി
10 ബി



"ജാലകത്തിലൂടെ കാണുന്ന ഈ ലോകം സുന്ദരമെങ്കിലും, തനിക്കു നൽകാൻ ഇതിന്റെ കൈയിൽ നൊമ്പരങ്ങൾ മാത്രമേ ഉണ്ടായിട്ടുള്ളൂ" അവളോർത്തു.

പെയ്തുതോർന്ന മഴ. എങ്ങും പുതുമണ്ണിന്റെ നറുമണം. വിടവാങ്ങുന്ന ആത്മാക്കൾ ഏകാന്തതയിൽ സന്ധിക്കുമെന്ന് പറയാറുണ്ട്. ഒരുനിമിഷം അവളോർത്തു. തന്റെ കാര്യത്തിലും..?

ഇല്ല, പെട്ടെന്നവൾ തന്റെ മനസ്സിന് കടിഞ്ഞാണിട്ടു. യാഥാർത്ഥ്യങ്ങൾക്കു നേരെ കണ്ണടച്ചിരുട്ടാക്കാനൊക്കുമോ?

ഒന്നുപൊട്ടിക്കരയാൻ കൂടി തനിക്കാവുന്നില്ലല്ലോ? വിധിയുടെ കൈകൾ ഇത്ര ക്രൂരമോ?

ഇരുളിൽ കുളിച്ച പോക്കുനിലാവിന്റെ വെളിച്ചം അവളുടെ ചുറ്റും ഓർമ്മകളുടെ കുളിർ പരത്തി.

സ്നേഹത്തിന്റെ വസന്തം, പൂത്തുനിന്ന ദിവസങ്ങൾ! എന്നെനിക്കും തോന്നി. ഈ ലോകം ഞങ്ങൾക്കുവേണ്ടി മാത്രമാണെന്ന്! ആ ലോകത്തിൽ തങ്ങൾക്കുവേണ്ടി മാത്രം ഒരു തടാകം. അതിൽ രണ്ടു സ്വർണ്ണ മത്സ്യങ്ങൾ. ആ മത്സ്യങ്ങളെ എന്നുമവൾ നോക്കിനിൽക്കുമായിരുന്നു. ഓർമ്മകളിലെ രാജകുമാരനും രാജകുമാരിയും.

'തണുത്ത കാറ്റ് ജാലകശീലകളെ വിറപ്പിച്ചുകൊണ്ട് മുഖത്ത് സൂചികുത്തി.'

പക്ഷെ! "പ്രകാശമയമായ ഉദയത്തെ അന്ധകാരയുഗ്മമായ അസ്തമയത്തിലേക്കെത്തിക്കുന്ന പ്രകൃതി നിയമം" അവർക്കും ബാധകമല്ലോ...? അത് ആ അനുഭൂതിയുടെ നിമിഷങ്ങൾക്ക് ആയുസ്സേകിയില്ല!

ആകാശത്തിന്റെ ചുമരുകളിൽ അദൃശ്യമായ ഏതോ ജലധാരായന്ത്രം പൊട്ടിയൊഴുകി. കറുത്തമേഘങ്ങൾ പേറി നിന്ന ആലിപ്പഴങ്ങൾ നിലത്തു മുഖമടിച്ച് വീണ് ചിന്നിച്ചിതറി. അവയുടെ കഷ്ണങ്ങൾ ചക്രവാളങ്ങളുടെ കതകുകളെ മുട്ടിനിന്ന ആഴിയിൽ അലിഞ്ഞുചേർന്നു!

അങ്ങിനെ ഈ ഘോരാന്ധകാരത്തിലെ ഏകാന്ത നിമിഷങ്ങൾ എനിക്കു മാത്രമായി വിട്ടുതന്ന്, ഇതുപോലെ മഴപെയ്തിരുണ്ട ഒരു രാത്രിയിൽ എന്റെ രവിയേട്ടൻ..... ആ മഴ പെയ്തുതോർന്നു. ശാന്തം. ഉയരം കൂടിയ കന്മതിൽ താണ്ടി ഏറെ നാളത്തെ ഇടവേളയ്ക്കുശേഷം പ്രത്യാശയുടെ മൂകസംഗീതം ആരോ ആലപിക്കുന്നു! വീണ്ടും പുഷ്പിക്കാൻ ഭൂമി കാത്തുനിൽക്കുന്നു. തന്റെ ചേതനയുടെ ഇരുട്ടിൽ, പ്രകാശത്തിന്റെ ഒരു കണിക, എത്തി നോക്കുന്നു. നാളുകളായെത്താത്ത വസന്തം തന്റെ പൂമാടിയിൽ വന്നെത്തിയതുപോലെ. ഞാൻ സ്വയമറിയാതെ മാറുകയാണോ....?

ഒരായിരം കുളിർമാരി ഒരുമിച്ചു പെയ്തപോലുണ്ടായി ആ രൂപത്തെ ആശുപത്രിക്കടുത്ത് കണ്ടപ്പോൾ. ദുഃഖ

ത്തിന്റെ നാമ്പുകളാൽ തുടിച്ചിരുന്ന ഹൃദയം, ഒരു ഞെട്ടലിന്റെ, പിടയലിന്റെ, ഗദ്ഗദം ഏറ്റുവാങ്ങി! അതേ ശബ്ദം, അതേ രൂപം, അതേ ഭാവം, സ്വയം കൈവിട്ടുപോകാതെ ഒരുവിധം വീട്ടിലെത്തി. ദൈവമേ, ഇതെന്തൊരു പരീക്ഷണം? വെയിലും മഴയും ഒന്നിച്ചുപെയ്ത അവസ്ഥ. മനസ്സിന്റെ ചെപ്പിന് സുഷിരം വീണിരിക്കുന്നു. കാമദേവൻ പ്രദ്യുദ്മനായി അവതരിപ്പിച്ചു.



ഒരു പക്ഷേ....?

എത്ര ശ്രമിച്ചിട്ടും ആ രൂപം തന്റെ മുൻപിൽ തെളിഞ്ഞുവരുന്നു. അത് തന്റെ രവിയേട്ടന്റേയോ അതോ...

വീട്ടുകാർ നിർബന്ധിച്ചിട്ടും, രണ്ടാമതൊന്നിനില്ലെന്ന് തറപ്പിച്ചുപറഞ്ഞ ഞാൻ. ദൈവമേ ഇന്നു മാറുകയാണോ? ഈ മാറ്റം ഈ ലോകം എങ്ങിനെയംഗീകരിക്കും? പക്ഷെ താനും അറിയാതെ, മഴപെയ്താൽ, മൊട്ടിട്ടുവിരിയുന്ന ഒരു പുഷ്പം പോലെ...

ഒരു മഴകൂടി... അരുതേ! അവൾ ദൈവത്തോടു പ്രാർത്ഥിച്ചു. അരുതേ! അരുതേ! അവൾ നിശ്ചയിച്ചു, തന്റെ ജീവസ്സുറ്റ മരുഭൂമിയിൽ, ഈ ജല കണികയ്ക്ക് സ്ഥാനമില്ല. തന്റെ സൂര്യൻ ഇനി പ്രകാശമയമാവില്ല. തന്റെ ചേതനയുടെ ഇരുട്ടിൽ ഇനി വെളിച്ചം കയറുകയുമില്ല. അങ്ങിനെ വിശ്വസിക്കാനും, ആ വിശ്വാസസത്തിന്റെ പച്ചപ്പിൽ ഇളകൊള്ളാനും അവൾ നിർലോഭമായി വിധിക്കപ്പെട്ടു!

പുറത്ത് ഇരുട്ട് വാനമാർഗ്ഗത്തിന്റെ പഴുതുകളിൽ, അയവില്ലാതെ തളർന്നുറങ്ങുന്നു! അപ്പോഴും മഴ പെയ്യുന്നുണ്ടായിരുന്നു; അവളറിയാതെ....!

കവിത

പോ മോനെ ദിനേശാ!!!

വിനീത്. വി.പി.
10 എ

ചില്ലുമേഞ്ഞ നിലത്ത് കടലത്തോടുകൾ ചിരിക്കുന്നു
മൂക്കൊലിപ്പിച്ച്, വാവിട്ടു കരയും കുഞ്ഞിന്റെ
കൈയിൽ, അതുപോലൊലിക്കുന്നൊ-
രൈസ്ക്രീം കൊടുക്കുന്നു
ബജ്ജിയും ബോണ്ടയും ചില്ലിലെ മധുരവും
വായിലെത്താൻ കാത്തിരിക്കുന്നു
അധ്വനഫലത്തിനു പകരമൊരു കടലാസിൻ
തുണ്ട് വാങ്ങിക്കയറുന്നിവർ
സ്വർഗ്ഗവാതിൽ കടന്നു, സിംഹാസനം തേടുന്നു!
ദൂരെ ചക്രവാളത്തിൽ പ്രകാശമുണരുന്നു,
ഇങ്ങ് ഭൂമിയിൽ പ്രകാശമണയുന്നു
മീശയും പിരിച്ചിതാ ലാലേട്ടനെത്തുന്നു-
"മോനേ ദിനേശാ"
ഇതുകേട്ടു ചാടുന്നു, കൈകളെ
കൂട്ടിയടിക്കുന്നു പ്രേക്ഷകർ
ചിരിച്ചുകൊണ്ടിവർ കയറിയെങ്കിൽ
ഇറങ്ങുമ്പോൾ മുഖഭാവ വൈവിധ്യം!
കൈയും ചുരുട്ടി നടക്കുന്നു ചേട്ടന്മാർ,
അന്തംവിട്ടു നടക്കുന്നു ചേച്ചിമാർ
വടിചുഴറ്റിക്കൊണ്ടു വെടിപറയുന്നു 'ജരാനര'
കുട്ടികളലറുന്നു- "അതിമോഹം, ദിനേശാ!"
അച്ഛ്യനമമ്മയേം, ആരേമിവർ
വിളിക്കുന്നു- "മോനേ ദിനേശാ!"
അനുകരണമിവർതൻ നടുവൊടിക്കുന്നു,
വായടപ്പിക്കുന്നു ഡയലോഗു പ്രചരണം
എങ്കിലും നരസിംഹ വൈഭവം തന്നെയാ-
ണെന്നുമിവർക്കിഷ്ടം, നിങ്ങൾക്കുമെനിക്കും.

വിദ്യാർത്ഥികളും രാഷ്ട്രീയവും

ദിലീപ് ഫൽഗുണൻ
9 ബി

ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന സർക്കാരാണല്ലോ നമുക്കുള്ളത്. അങ്ങനെയുള്ള ഒരു ജനാധിപത്യ രാഷ്ട്രീയത്തിൽ ജീവിക്കാൻ കഴിയുന്നതു തന്നെ മഹാഭാഗ്യമാണ്. വിദ്യാർത്ഥി രാഷ്ട്രീയത്തിനും അതിന്റേതായ പ്രത്യേകതകളുണ്ട്. ഒരുപക്ഷെ ഇന്നത്തെ വിദ്യാർത്ഥി നേതാക്കന്മാരാകാം നാളത്തെ നമ്മുടെ രാജ്യത്തിന്റെ ചുക്കാൻ പിടിക്കുന്ന മഹത് വ്യക്തികൾ. വിദ്യാർത്ഥി രാഷ്ട്രീയം നമ്മുടെ വിദ്യാർത്ഥികൾക്ക് ഒരു വരമോ അല്ല ശാപമോ എന്നു തീർച്ചയായും നാം ചിന്തിക്കേണ്ടതുണ്ട്.


ഓരോ രാഷ്ട്രീയപാർട്ടിക്കും അതിന്റേതായ വിദ്യാർത്ഥി പ്രസ്ഥാനങ്ങളുണ്ട്. ഈ പ്രസ്ഥാനങ്ങളുടെ ലക്ഷ്യം അച്ചടക്കവും, നേതൃത്വം വഹിക്കാനുള്ള കഴിവും, അനീതിക്കെതിരെ പോരാടാനുള്ള കഴിവും വിദ്യാർത്ഥികളിൽ വാർത്തെടുക്കുക എന്നതായിരിക്കണം. ഇന്ന് നേരെ തിരിച്ചാണ്. വിദ്യാർത്ഥികളെ തത്പരകക്ഷികൾ തങ്ങളുടെ നേട്ടത്തിനായി ചൂഷണം ചെയ്യുകയാണ്. വിദ്യാർത്ഥികളെ ചോരയ്ക്കുദാഹിക്കുന്ന രാക്ഷസന്മാരാക്കി തീർത്തിരിക്കുകയാണ്. ഇന്ന് തമ്മിൽത്തല്ലി തലകീറി പൊതുമുതൽ നശിപ്പിക്കുന്ന പ്രവണതയാണ് പൊതുവായി കാണുന്നത്. ഓരോ വിദ്യാർത്ഥി സംഘടനയും തങ്ങളുടെ ശക്തിതെളിയിക്കാൻ നിസ്സാരകാര്യങ്ങൾക്കുപോലും പഠിപ്പു മുടക്കാറുണ്ട്. ഓരോ പാർട്ടിക്കാരും മാറിമാറി സമരം ചെയ്യുകയാണ്. ഇതുകൊണ്ട് നമ്മുടെ വിദ്യാർത്ഥികളുടെ ഭാവിയാണ് നഷ്ടപ്പെടുന്നത്.

സാക്ഷരതയിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ബഹുദൂരം മുന്നോട്ടു പോയിരിക്കുകയാണ്. എന്നാൽ നമ്മിലെ ചിന്താശക്തിക്ക് വേണ്ടത്ര ഓജസ്സോ ശക്തിയോയില്ലെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

വിദ്യാലയങ്ങളിൽ രാഷ്ട്രീയം വേണം. അത് ആക്രമത്തിനും അനീതിക്കും എതിരെ ആരെന്നു നോക്കാതെ വിദ്യാർത്ഥികൾ ഒന്നിച്ച് നിന്നെതിർക്കണം. അല്ലാതെ തങ്ങളുടെ പാർട്ടിക്കാരനെ തല്ലി അതിന് പകരമായ് പിഡിപ്പിച്ച പാർട്ടിയിലെ അംഗങ്ങളെ പീഡിപ്പിക്കുന്ന പ്രവണത നല്ലതല്ല.

കണ്ണിന് കണ്ണ് കയ്യിനു കയ്യ് എന്നായിരിക്കരുത് നമ്മുടെ മുദ്രാവാക്യം. അക്രമം രാഷ്ട്രീയം ഒരു വിദ്യാർത്ഥിക്കും ചേരുന്നതല്ല.

വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ പേരിൽ നശീകരണ പ്രവണതകളും രക്തചൊരിച്ചിലും പഠിപ്പുമുടക്കലുമുണ്ടായാൽ അത് ഒരു ദുഷിച്ച തലമുറയ്ക്ക് ജന്മമേകലാകും.



ഓർമ്മക്കുറിപ്പ്

ഈ മനോഹരതീരത്തു തരുമോ.....

അദീഷ് മോഹൻ
10 ബി

തൂക്കിലേറ്റപ്പെടാൻ പോകുന്നു എന്ന തിരിച്ചറിവോടെ, കൊലമരത്തിലേയ്ക്ക് നടത്തപ്പടുമ്പോൾ, ആരും അറിയാതെ കാലുകൾ പുറകിലേക്കു വച്ചുപോകും..

ഒരു ദശാബ്ദത്തിനുമപ്പുറത്തേയ്ക്ക് സഞ്ചരിക്കുമ്പോൾ അമ്മയുടെ വിരൽത്തുമ്പിൽപിടിച്ച്, ഭാരതമാത സ്ക്കൂളിന്റെ പടിവാതിൽക്കൽ പകച്ചു നിൽക്കുന്ന ഒരു പിഞ്ചു കുട്ടിയെ എനിക്കു കാണുവാൻ സാധിക്കുന്നു. അവനെ അവിടെ ഏൽപ്പിച്ച്, അമ്മ ഇറങ്ങുമ്പോൾ, അവൻ കരയുന്നുണ്ടായിരുന്നു.... ഭീതിയോടെ.. വേദനയോടെ....

ഇന്ന്, പന്ത്രണ്ടു വർഷങ്ങൾക്കു ശേഷം, അവന് ആ വിദ്യാലയത്തോട് വിടപറയേണ്ട സമയമായിരിക്കുന്നു. ആ അവൻ, ഞാനാണെന്ന തിരിച്ചറിവ് എന്നെ വേദനിപ്പിക്കുന്നു; ഒരുപാട്...

കഴിഞ്ഞുപോയ ഒരുപാടു വർഷങ്ങൾ, എനിക്കു സമ്മാനിച്ച ഓർമ്മച്ചെപ്പ് തുറക്കുമ്പോൾ, അധ്യാപകരുടെ വാത്സല്യപൂർവ്വമായ ശാസനകളും കൂട്ടുകാരുമൊത്തുള്ള കളിയും ചിരിയും വഴക്കുകളും എല്ലാം പതിവായി കാണാറുള്ള മനോഹരമായ പൂന്തോട്ടത്തിലെ ചുവന്ന പൂക്കളുമായി നിൽക്കുന്ന ആ റോസച്ചെടിപോലും; എന്നെ കോരിത്തരിപ്പിക്കുന്നു. എന്നെ ഞാനാക്കിയ ഈ വിദ്യാലയത്തിൽ കഴിച്ചുകൂട്ടിയ ഓരോ നിമഷവും അമൂല്യമായിരുന്നു എന്ന തിരിച്ചറിവ് ഈ വൈകിയവേളയിലാണ് എനിക്കുണ്ടാകുന്നത്. വിരഹത്തിലാണ് സ്നേഹത്തിന് പരിപൂർണ്ണത കൈവരുന്നതെന്ന ആ പഴയ സത്യം, അനുഭവത്തിന്റെ, വേദനയുടെ, വെളിച്ചത്തിൽ എനിക്കു മനസ്സിലാകുന്നു. ഇവിടെ ഞാനനുഭവിച്ച സന്തോഷത്തിന്റെ ഊഷ്മളതയായിരിക്കാം എന്നെ വേദനിപ്പിക്കുന്നത്.

ഈ വിടവാങ്ങൽ അനിവാര്യമാണെന്ന് എന്നെത്തന്നെ ബോധ്യപ്പെടുത്താൻ ശ്രമിക്കുമ്പോഴും മനസ്സിന്റെ വിങ്ങൽ അടക്കാനാകുന്നില്ല. മനസ്സിൽ അലയടിച്ചുയരുന്ന നൊമ്പരങ്ങളേയും വിഹ്വലതകളേയും ഈ കടലാസിലേക്കാവാഹിക്കാൻ എനിക്കു കഴിയുന്നില്ല. വാക്കുകളും എന്നോട് വിടപറയുകയാണോ?



പന്ത്രണ്ടു വർഷങ്ങൾക്കുമുമ്പ് എന്ന പോലെ, ഹൃദയം തുറന്ന് ഒന്നുകരയാൻ പോലും, പ്രായത്തിന്റെ പക്വത എന്നെ അനുവദിക്കുന്നില്ലല്ലോ. നാളെയുടെ സ്വപ്നങ്ങളെ ഞാൻ വെറുത്തുതുടങ്ങിയിരിക്കുന്നു... എനിക്കെന്നും ഈ ഓർമ്മകളുടെ വിധേയത്വം മാത്രം മതി.....

നിഷ്ഫലമാണെന്നറിഞ്ഞിട്ടും, ആഗ്രഹിച്ചു പോകുകയാണ്, പ്രാർത്ഥിച്ചുപോകുകയാണ്, ഈ കാലത്തിന്റെ പ്രയാണം നിലച്ചിരുന്നെങ്കിൽ എന്ന്... എന്റെ കാലുകളും പുറകിലേക്ക് വലിയുന്നുവോ?.....

കവിത

ഒരു നിമിഷം




എം.ടി. കലാധരൻ

കാലത്തിന്റെ ഘടികാരത്തിലെ
അവസാന നാഴികമണിയടിച്ചത് ഇന്നായിരുന്നു..
ഇനി നിമിഷങ്ങൾ മാത്രം....
കാലമേ
നിന്റെ കനകമഞ്ചീരത്തിലേക്ക്
ഒരു തൂവൽകൂടി–
അത് പൊൻതൂവലോ, പൊയ്തൂവലോ?
കാലമേ
മനസ്സിന്റെ നീർകുമിളകൾ പൊട്ടി തകരുമ്പോൾ
വേദനയുടെ കനവുകൾ മാത്രമാണല്ലോ
നീ എനിക്കായ് കരുതിയിരുന്നത്
ഒടുക്കത്തെ നാഴികമണി മുഴങ്ങിയെങ്കിലും
എനിക്കും നിനക്കും
ആചാരം ചൊല്ലി പിരിഞ്ഞുപോകാൻ
ഇനിയും നിമിഷങ്ങൾ ബാക്കിയുണ്ടല്ലോ?
അത്രയും നേരം
നിന്റെ വികാരങ്ങളെ എന്റേതാക്കാൻ
എന്റെ ഊർദ്ധശ്വാസം
നിന്റെ നെഞ്ചോട് ചേർക്കുക...!

ലേഖനം

കാർഗിൽ ഒരു സാഹിത്യ വീക്ഷണം

വിവേക് ആനന്ദ്. ബി.
10 എ



രക്തം തണുത്തുറഞ്ഞുപോകുന്ന രാത്രികൾ! ആ മലമ്പ്രദേശത്തിന്റെ ഒരുവശത്തുകൂടി ഒരു പറ്റം ആളുകൾ പതുങ്ങി നടക്കുന്നു. അവർ മറ്റാരുമല്ല– ഇന്ത്യൻ അതിർത്തി രേഖ മറികടന്നു രക്തത്തിന്റെ മണം പിടിച്ച് മുന്നേറുന്ന ചെന്നായ്ക്കളെ പോലെ, മുന്നേറുന്ന പാക്കിസ്ഥാൻ തീവ്രവാദികളായിരുന്നു അവർ. ഇന്ത്യയെ സംരക്ഷിക്കുന്ന ധീരജവാന്മാരുടെ നോട്ടം അവരുടെ മേൽ പതിച്ചു. മഞ്ഞും പുകയും നിറഞ്ഞതിനാൽ ഒന്നും കൃത്യമായി കാണാൻ കഴിയുന്നില്ല. ഭാരതത്തിലെ ഓരോ തരി മണ്ണും തനിക്കവകാശപ്പെട്ടതാണെന്ന ബോധത്തോടെ അവർ തിരിച്ചടിച്ചു.

ഇന്ത്യൻ യുദ്ധവിമാനങ്ങൾ പറന്നുയരുകയും, ഭീകരർ വസിക്കുന്നിടത്ത് ബോംബുകൾ വർഷിക്കുകയും ചെയ്തു. തോക്കുകളും പീരങ്കികളും ഗർജ്ജിച്ചു. മിസൈലുകൾ തുരുതുരെ പൊഴിഞ്ഞു. ഒളിഞ്ഞും പതുങ്ങിയും മുന്നേറാൻ ശ്രമിച്ചവരെ ജവാന്മാർ വിരട്ടിയോടിച്ചു. പുകയും വെടിയുണ്ടകളുടെ ശബ്ദവും മൂലം ഒരു ഭീകരാന്തരീക്ഷം സൃഷ്ടിക്കപ്പെട്ടു. ചോരയിൽ കുളിച്ച ശവശരീരങ്ങളുടെ ദുർഗന്ധവും സഹിച്ച് ജവാന്മാർ മുന്നേറി.

പ്രിയപത്നിയേയോ, പൊന്നോമനയേയോ കുറിച്ചുള്ള ചിന്ത അവരെ അവശരാക്കിയില്ല. ഇന്ത്യയുടെ മുഴുവൻ സംരക്ഷണവും തങ്ങളുടെ കൈയ്യിലാണെന്ന ബോധ്യത്തോടെ അവർ പൊരുതി. പാക്കിസ്ഥാൻ തീവ്രവാദികളും സൈനികരും കൈയ്യേറിയ സ്ഥലങ്ങളിൽ ഇന്ത്യൻ പതാക പറന്നുയർന്നു. അത് സ്ഥാപിക്കാനായി എത്ര യെത്ര ജീവൻ ബലിയർപ്പിക്കേണ്ടി വന്നു! ആ ത്രിവർണ്ണ പതാക സ്ഥാപിച്ച ഇടങ്ങളിൽ ചോരയുടെ കരിനിഴൽ പ്പാടുകൾ കാണാമായിരുന്നു. ഒടുവിൽ നമ്മുടെ ധീരജവാന്മാർ വിജയാരവം മുഴക്കി.

ഇന്ത്യയിലെ ഓരോതരി മണ്ണും സന്തോഷം മൂലം പുളകം കൊണ്ടു. ആ ധീരസേനാനായകന്മാരുടെ ജീവനായിരുന്നു, ഭാരതാംബയുടേയും മക്കളുടേയും ജീവൻ നിലനിർത്തിയത്. ജവാന്മാർ ആ നേട്ടം കൈവരിച്ച നേരത്ത്, ലോകത്തിലെ ഓരോ ഭാരതീയന്റെ മനസ്സിലും ആവേശം കുതിച്ചു പൊങ്ങുകയായിരുന്നു. യുവാക്കളുടെ ആവേശോജ്ജ്വലമായ സംസാരമെങ്ങും കേൾക്കാമായിരുന്നു.

ഭാരതത്തിനു വൻനേട്ടമായ ജവാന്മാർ, എത്രയെത്ര അച്ഛനമ്മമാർക്കും പത്നികൾക്കും കുട്ടികൾക്കും വൻ നഷ്ടമായി. എത്ര പേർ തങ്ങളുടെ പൊന്നോമനകളുടെ കവിൾത്തടത്ത് ഒന്നു ചുംബിക്കാൻ കഴിയാതെ പരലോകം പൂകിയിരിക്കും! കണ്ടു കൊതിതീരാത്ത കൊച്ചുങ്ങളെ ഒരു നോക്കുകൂടി കാണാൻ കഴിയാത്ത നിർഭാഗ്യവാന്മാരായ മാതാപിതാക്കൾ!

എന്തായാലും തന്റെ നാടിനും നാട്ടിലെ ജനങ്ങൾക്കും വേണ്ടി സ്വന്തം ജീവൻപോലും ത്യജിച്ച ആ പുണ്യാത്മാക്കൾ ഒരു മുത്തശ്ശിക്കഥയിലേതുപോലെ ആകാശം പവിത്രമാക്കുന്ന നക്ഷത്രങ്ങളായി വിളങ്ങും. ആ വിജയം കൈവരിച്ച തന്റെ മക്കളെയോർത്ത് ഭാരതാംബ അഭിമാനംകൊള്ളും. സന്തോഷംകൊണ്ടവൾ മതിമറക്കും. എങ്കിലും, ഭാരതാംബയുടെ മനസ്സിന്റെ അത്യഗാധതലങ്ങളിൽ നിന്നൊരു നെടുവീർപ്പുയരുന്നു. അതു തന്റെ മക്കളെ വേർപിരിഞ്ഞ ദുഃഖമായിരിക്കുമോ?


ഒരു ക്യാമ്പിന്റെ ഓർമ്മ

ശരൺ. പി
10 ബി

ഡിസംബറിലെ കഠിനമായ തണുപ്പ്. പുലർകാലത്തെ തണുപ്പിന്റെ സ്പർശമേറ്റ് ചുരുണ്ടുകൂടി ഒന്നുകൂടി ഉറങ്ങാൻ ആരും കൊതിക്കുന്ന സമയം. ഇരുട്ടിന്റെ തിരശ്ശീല വകഞ്ഞുമാറ്റി പുലരിയുടെ നിറഭേദങ്ങൾ ഇനിയും പ്രകടമായിട്ടില്ല. എങ്കിലും രാമു ഉണർന്നെഴുന്നേറ്റു. അവൻ കാത്തുകാത്തിരുന്ന പ്രകൃതിപഠനക്യാമ്പ് ഇന്ന് തുടങ്ങുകയാണ്; സൈലന്റ് വാലിയിൽ. ആറുമണിക്കു തന്നെ സ്ക്കൂളിൽ എത്തണം.

അമ്മ നേരത്തെ ഉണർന്നു കഴിഞ്ഞിരുന്നു. രാമു വേഗം തയ്യാറായി. ബാഗ് ഇന്നലെ തന്നെ തയ്യാറാക്കി ക്കഴിഞ്ഞിരുന്നു. അമ്മയോട് യാത്രപറഞ്ഞ് അച്ഛനൊപ്പം അവൻ സ്ക്കൂളിലേക്ക് തിരിച്ചു.

ആദ്യമായിട്ടാണ് അവൻ ഒരു ക്യാമ്പിൽ പങ്കെടുക്കുന്നത്. മൂന്നു ദിവസത്തെ ക്യാമ്പാണ് അതും സൈലന്റ് വാലി. രാമുവിന്റെ മനസ്സിൽ ഭയത്തിന്റെ നിഴലാട്ടം. അച്ഛനെയും അമ്മയെയും പിരിഞ്ഞിരിക്കാൻ പോകുന്നത് ആദ്യമായാണ് എന്ന് ഓർത്തപ്പോൾ അവന്റെ മനസ്സിലേക്ക് ആശങ്കകൾ നുഴഞ്ഞുകയറ്റം തുടങ്ങി.



സ്ക്കൂളിൽ എത്തി കൂട്ടുകാരെ കണ്ടപ്പോൾ ആശങ്കകൾ അൽപാൽപം നീങ്ങിതുടങ്ങി. ഏഴുമണിയോടെ സ്ക്കൂൾബസ്സ് മണ്ണാർക്കാട്ടേയ്ക്ക് തിരിച്ചു. രാമു നിശ്ശബ്ദനായിരുന്നു. ക്ലാസ്സിൽ മഹാവികൃതിയായ മൗനം എല്ലാവരേയും അതിശയിപ്പിച്ചു. അദ്ധ്യാപകരുടെ സ്നേഹപൂർണ്ണമായ പെരുമാറ്റം കണ്ടതോടെ അവന്റെ നിശ്ശബ്ദതയ്ക്കു വിരാമമായി. തൽക്കാലത്തേക്കെങ്കിലും കൈമോശം വന്ന വികൃതിയെല്ലാം അവനിലേക്ക് തിരികെ വന്നു.

മഞ്ഞിന്റെ നേർത്തപ്പുതപ്പണിഞ്ഞ് മയക്കം വിട്ടുണരാൻ മടിച്ചുനിൽക്കുന്ന മലനിരകൾക്കുമുകളിലൂടെ സൂര്യകിരണങ്ങൾ തലനീട്ടി. 'ബസ്സിന്റെ ഗതിവേഗത്തിനനുസരിച്ച് തണുപ്പിന്റെ കരങ്ങൾക്ക് ശക്തികൂടുന്നോ?' രാമു സംശയിച്ചു. എങ്കിലും നാടൻപാട്ടിന്റെ ശീലുകൾ ഏറ്റുചൊല്ലി കൈകൾ കൊട്ടിത്തുടങ്ങിയതോടെ തണുപ്പിന്റെ ആലസ്യം അകന്നു.

ഏഴുമണി കഴിഞ്ഞപ്പോൾ ബസ്സ് മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലെത്തി. ഇനിയുള്ള യാത്ര സൈലന്റുവാലി നാഷണൽ പാർക്കിന്റെ വാഹനത്തിലാണ്. മിനിബസ്സ് തയ്യാറായി നിൽക്കുന്നു. അദ്ധ്യാപകരുടെ നിർദ്ദേശം കിട്ടിയതോടെ രാമു ആദ്യം ചാടിക്കയറി മുന്നിലെ സീറ്റിൽ ഇരുന്നു.

വളരെ സാവ

ധാനം നീങ്ങിയ ബസ്സ് ടൗൺ കഴിഞ്ഞതോടെ ഇരമ്പിപ്പാഞ്ഞു തുടങ്ങി. ആനമൂളിയിൽ നിന്ന് മലകയറ്റം തുടങ്ങിയ ബസ്സിന്റെ വേഗത കുറഞ്ഞു. വളഞ്ഞും ചുളിഞ്ഞും കിടക്കുന്ന മലമ്പാതയുടെ വശങ്ങളിലുള്ള അഗാധമായ ഗർത്തങ്ങൾ കണ്ടു രാമു നടുങ്ങി. എങ്കിലും ആ യാത്ര അവാച്യമായ അനുഭൂതി അവനിൽ ഉണർത്തി.

മൂടൽമഞ്ഞിന്റെ കറുത്ത പുതപ്പുകൊണ്ടു മൂടിയ മലനിരകൾ. വണ്ടിക്കുള്ളിലേക്ക് അടിച്ചുകയറുന്ന തണുപ്പ്. ആരും സംസാരിക്കുന്നില്ല. എല്ലാവരും ഇരുവശവുമുള്ള കാഴ്ചകൾ കാണുകയാണ്.

ഒൻപതരയോടെ മുക്കാലിയിലെത്തി. അവിടെയാണ് ക്യാമ്പ് സെന്റർ. ഡോർമറ്ററിയിൽ കുറച്ചുനേരം വിശ്രമിച്ചതിനുശേഷം രാമുവും കൂട്ടരും അധ്യാപകരോടൊപ്പം പരിസരം ചുറ്റിക്കാണാൻ ഇറങ്ങി. ഭവാനിപ്പുഴ പൊട്ടിച്ചിരിച്ചുകൊണ്ടൊഴുകുന്നു. വൻമരങ്ങളിൽ പേറ്റിയാപ്പക്ഷികൾ മധുരഗീതം പൊഴിക്കുന്നു. വികൃതിത്തരങ്ങളുടെ ചെപ്പ് രാമു മെല്ലെ തുറന്നു. ആരും അത് അത്ര കാര്യമാക്കിയില്ല.

ഉച്ചഭക്ഷണത്തിനുശേഷം ക്യാമ്പ് ആരംഭിച്ചു. ക്ലാസ്സിനുശേഷം വൈൽഡ് ലൈഫ് ഇൻസ്ട്രക്ടറുടെ നേതൃത്വത്തിൽ സമീപത്തുള്ള ഒരു കാട്ടിലേക്ക് ട്രെക്കിംഗ് നടത്തി. വൈകുന്നേരത്തോടെ ഭവാനിപ്പുഴയിൽ കളിച്ചുല്ലസിച്ചു. തണുപ്പിന്റെ കരങ്ങൾക്ക് ശക്തികൂടിയതോടെ ആരും പറയാതെ തന്നെ അവർ കരയ്ക്കു കയറി. കുളിയും ഭക്ഷണവും കഴിഞ്ഞ് ക്ലാസ്സും സ്ലൈഡ്ഷോയും ഉണ്ടായിരുന്നു. അതെല്ലാം അവസാനിച്ചതോടെ അവരെല്ലാവരും ഉറങ്ങാൻ കിടന്നു.

രാമുവിനോട് വികൃതിയൊന്നും കാട്ടരുതെന്ന് പറഞ്ഞ് അദ്ധ്യാപകരും കിടന്നു. രാത്രിയായതുകൊണ്ട് അവർക്ക് അവനെക്കുറിച്ച് ആശങ്കയുണ്ടായിരുന്നില്ല. എല്ലാവരും ഉറക്കമാണ്. ചുറ്റുപാടും വ്യത്യസ്ത താളക്രമത്തിൽ കൂർക്കുംവലികൾ ഉയരുന്നു. വന്യജീവികളുടെ പലതരത്തിലുള്ള ശബ്ദങ്ങൾ അവ്യക്തമായി കേൾക്കുന്നു. ഭവാനിപ്പുഴയുടെ ഒഴുക്കിന്റെ താളം അവിരാമം തുടരുന്നു. ഡോർമെറ്ററിയുടെ പുറത്ത് എവിടയോ മങ്ങിക്കത്തുന്ന ലൈറ്റിന്റെ നേർത്ത വെളിച്ചം മുറിക്കുള്ളിലേക്ക് കടന്നുവരുന്നുണ്ട്. രാമു പതുക്കെ എണീറ്റു. ചുറ്റുപാടും നോക്കി. എല്ലാവരും ഉറക്കമാണ്. അവൻ ശബ്ദമുണ്ടാക്കാതെ വാതിൽ തുറന്നു പുറത്തേക്കിറങ്ങി. അദ്ധ്യാപകർ നേരത്തെ നൽകിയ നിർദ്ദേശങ്ങൾ എല്ലാം അവഗണിച്ചുകൊണ്ട്. ഒരുൾപ്രേരണയാലെന്നോണം അവൻ നടന്നു.

എത്രദൂരം നടന്നുവെന്ന് നിശ്ചയമില്ല. പെട്ടെന്ന് അവന്റെ കൈ ഇളംചൂടുള്ള പരുക്കനായ ഒരു രൂളിൽ തൊട്ടതുപോലെ തോന്നി. ചുറ്റുപാടും എന്തെല്ലാമോ ഞെരിഞ്ഞമരുന്ന ശബ്ദം. മുന്നിൽ അവൻ സൂക്ഷിച്ചുനോക്കി. മുന്നിൽ ഇരുട്ടിന്റെ മറവിൽ ആനക്കൂട്ടം. അവയിൽ ഒന്നിന്റെ പിൻകാലിലാണ് താൻ സ്പർശിച്ചത്. അവന്റെ മനസ്സിൽ ഇടിമിന്നൽ പാഞ്ഞു. അവൻ ഏറെ നേരത്തെ ഓട്ടത്തിനുശേഷം കിതപ്പോടെ തിരിഞ്ഞുനോക്കി സമാധാനം! ആനകൾ പിന്നാലെ ഇല്ല. എങ്കിലും അവൻ വീണ്ടും ഓടി. പെട്ടെന്ന് അവൻ കാൽ വഴുതി ഒരു കുഴിയിലേക്ക് മറിഞ്ഞു.

ഏറെ നേരം കഴിഞ്ഞ് കണ്ണുതുറന്ന രാമു കണ്ടത് ആദിവാസികളെയാണ്. വന്യജീവികളിൽ നിന്നും തങ്ങളുടെ ഊരിനെ രക്ഷിക്കാൻ അവർ കുഴിച്ച കിടങ്ങിലായിരുന്നു രാമു വീണത്. അവർ അവനെ ക്യാമ്പ് സെന്ററിൽ എത്തിച്ചു അവിടെ എല്ലാവരും അവനെ കാണാത്തതിൽ പരിഭ്രാന്തരായിരുന്നു. അവൻ ആരോടും ഒന്നും പറഞ്ഞില്ല. അദ്ധ്യാപകർ അവനെ തറപ്പിച്ചുനോക്കി. അവർ ഒന്നും പറഞ്ഞില്ല. അവൻ തലകുനിച്ചു നിന്നു.

തന്റെ വികൃതിത്തരങ്ങൾക്കെല്ലാം അറുതിവരുത്തണമെന്ന് അവൻ മനസ്സിലുറപ്പിച്ചു. പിന്നീട് അവൻ അതിനുവേണ്ടി പരിശ്രമിച്ചു. വിജയിക്കുകയും ചെയ്തു. എങ്കിലും ആ ക്യാമ്പിലെ അനുഭവം ഒരു മാർഗ്ഗദീപമായി രാമുവിന്റെ മനസ്സിൽ ഇപ്പോഴും നിലനിൽക്കുന്നു.

വയറന്മാർ

നവീൻ
9 എ

പാലക്കാട്ടൊരു കല്ല്യാണത്തിന്
പകലേ പോയി വയറന്മാർ
കെട്ടുനടക്കും മുമ്പേ സദ്യ-
വിളമ്പണമെന്നായ് കൊതിയന്മാർ
ഇല്ലെന്നാകിൽ കെട്ടുമുടക്കും
നിശ്ചയം എന്നവർ ചൊന്നപ്പോൾ
മാനക്കേടോർത്തുടനേ തന്നെ
ഊണു വിളമ്പി ബന്ധുക്കൾ
ഒന്നാം പന്തിയിലുണ്ടവരെല്ലാം
കുമ്പ നിറഞ്ഞെന്നായപ്പോൾ
ഉണ്ണാത്തവരുണ്ണണമെന്നും
പന്തലിനുള്ളിൽ പെരുവയറന്മാർ
ചേരിതിരിഞ്ഞു വഴക്കായി

കവിത

കൂട്ടിലെ തത്ത

ഗോപി കൃഷ്ണൻ. കെ
9 എ



എത്രയോ ഗുരുവാം കവിശ്രേഷ്ഠരുരച്ച പോൽ
അനുപമയോ നീ കൂട്ടിലെ തത്തേ,
എങ്കിലീലഘുവാം കിശോരകനുരയ്ക്കുന്നു
ഉപമിതം നീ എന്നോടു തന്നെ

അഹന്ത കൊൾകയല്ല ഞാനെങ്കിലോ
ഏതോ സ്വപ്നത്തിലെൻ മനസ്സിൽ
ഉണർന്നൊരൊന്നാന്തരം വിഡ്ഢിത്തം
ഉരയ്ക്കയാണു ഞാനെളിമയോടെ

കൂട്ടിലെ തത്തേ കഠോരമാം കമ്പികൾ-
ക്കുള്ളിലെ, സ്വാതന്ത്ര്യമെന്തെന്നറിയാത്ത
ചിന്താവിഷ്ടയായ്, ദുഃഖിതമതിയോടെ
നീയോയിരുന്നൊഴുക്കുന്നു മിഴിനീർ ആർദ്രിതേ

പെടുത്തീവലയിലെന്നെ, മമ ബന്ധവും
മമ ബന്ധനവും, ആഹോ!
പെടുത്തീ തടവിലെന്നെ മമ മതവും
മമ ജാതിയും; ശ്രവിക്കൂ പൈങ്കിളി

മമ ദുഃഖമീയൂഴിയില്ലറിവത് ഞാൻ-
മാത്രമല്ലെന്ന് ബോധ്യമായിവന്,
ഈ മൂഢനാം കിശോരകന്
തവ ദുഃഖം ഞാൻ കാൺകേ.

ഈ വിഷയമൊന്നിൽ മാത്രമേ-
യെന്നോടുപമിപ്പാൻ
സാധിപ്പൂ സുര സുഷമേ,
കൂട്ടിലേ തത്തേ, ആർദ്രിതേ.

ശ്രീരാമനാമം പാടിയ പൈങ്കിളി-
പ്പെണ്ണേ, നീയോ, യഥാർത്ഥ ബുദ്ധിമതി
നിറം ഹരിതവും ചെഞ്ചുണ്ടു-
മായുള്ള നീ, എന്തു സുന്ദരി!

മനുഷ്യനെന്ന ഹന്ത കൊള്ളുമീ-
ഞാനെന്തൊരു മൂഢൻ
സുന്ദരനെന്ത എന്ത കൊള്ളുമീ-
ഞാനെന്തൊരു വിഡ്ഢി.

പഠനം

ഭാരതീയ ശില്പകല എലിഫെന്റായിൽ

രാഹുൽ. ആർ
10 എ



ഭാരതീയ ശിൽപികൾ എന്നും പ്രശംസിക്കപ്പെട്ടിട്ടുണ്ട്. ഭാരതീയ ശിൽപവിദ്യ ലോകത്തിന്റെ നാനാഭാഗത്തുള്ളവരെ ഇന്നും ആകർഷിച്ചുപോരുന്നു. ഭാരതത്തിലങ്ങോളം ഭാരതീയ ശിൽവിദ്യയ്ക്ക് ഉജ്ജ്വല മാതൃകകൾ ദർശിക്കുവാൻ കഴിയും. എന്നാൽ ഇവയിൽ ഏറ്റവും മുഖ്യം എലിഫന്റാ ഗുഹകളും ക്ഷേത്രങ്ങളും ആണ്. ബോംബെയിൽ നിന്നും കുറച്ചകലെ സ്ഥിതിചെയ്യുന്ന എലിഫന്റാ ദ്വീപിലാണ് ഇവ സ്ഥിതിചെയ്യുന്നത്.

ആയിരത്തിമുന്നൂറോളം വർഷങ്ങൾക്കു മുമ്പ് ഭാരത ചരിത്രത്തിൽ മറക്കാനാവാത്ത സ്ഥാനം നേടിയിട്ടുള്ള മൗര്യചക്രവർത്തിമാരുടെ കാലത്തെ വിദഗ്ധ ശിൽപികൾ കരിമ്പാറ തുരന്നുണ്ടാക്കിയതാണ് എലിഫന്റാ ഗുഹാക്ഷേത്രം. എത്രയെത്ര കഥകളാണ് ഈ ക്ഷേത്രത്തിന് പറയുവാനുള്ളത്!

മൗര്യചക്രവർത്തിമാരിൽ നിന്നും എലിഫന്റാ ഗുഹാക്ഷേത്രം സ്ഥിതിചെയ്യുന്ന ദ്വീപ് ആദ്യമായി കയ്യേറിയത് ചാലൂക്യരാജാവായ പുലികേശി രണ്ടാമനായിരുന്നു. എന്നാൽ കാലചക്രത്തിന്റെ പ്രയാണത്തിൽ എലിഫന്റാ ദ്വീപിന് പല അധിപന്മാരുമുണ്ടായി. ആദ്യമായി എലിഫന്റാദ്വീപ് കയ്യേറിയ പാശ്ചാത്യർ പോർച്ചുഗീസുകാരായിരുന്നു. 1520-ൽ അന്നത്തെ പോർച്ചുഗീസ് ഗവർണറായിരുന്ന 'ആൽബുക്കർക്ക്' ബീജാപ്പൂർ സുൽത്താനെ തോൽപ്പിച്ച് ആ ദ്വീപ് കയ്യടക്കി. അവർ അവിടുത്തെ പല വിഗ്രഹങ്ങളുടെയും വിലയറിയാതെ അവയെ തകർത്തു. ശിവജിയുടെ മകൻ സംബാജിയുടെ ഭരണകാലത്ത് മറാത്ത സൈന്യം ആ ദ്വീപ് പിടിച്ചടക്കി. ആ ദ്വീപിന്റെ യഥാർത്ഥ നാമം ഘരാപുരി എന്നായിരുന്നു.

'എലിഫന്റാ' എന്നു നാമകരണം ചെയ്തത് പോർച്ചുഗീസുകാരായിരുന്നു. ആ ദ്വീപിലുണ്ടായിരുന്ന കരിങ്കല്ലിൽ തീർത്ത ഒരു 'ആന' ആയിരുന്നു ആ പേരു വീഴുവാൻ കാരണമായിത്തീർന്നത്. പിന്നീട് ബ്രിട്ടീഷ് ഭരണകാലത്ത് അവർ ആ ആനയെ ബോംബെയിലെ വിക്ടോറിയ ഗാർഡനിലേക്കു മാറ്റി. അവിടുത്തെ പല വിഗ്രഹങ്ങളും അവർ മ്യൂസിയങ്ങളിലെ കാഴ്ചവസ്തുക്കളാക്കി. ആരും അവരെ തടയുവാനുണ്ടായിരുന്നില്ല.


എലിഫന്റായിൽ ഏഴു ഗുഹകളാണുള്ളത്. പ്രധാന ഗുഹയിൽ പരമശിവന്റെ കഥകൾ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. പ്രപഞ്ച ചലനങ്ങളെ സൂചിപ്പിക്കുന്ന നൃത്ത ഭാവത്തിൽ നിൽക്കുന്ന നടരാജ വിഗ്രഹം, അന്ധകനിഗ്രഹം നടത്തുന്ന ശിവൻ, ദ്വാരപാലകർ കാവൽ നിൽക്കുന്ന ശിവൻ, പാർവ്വതീ പരമേശ്വര വിവാഹ വിഗ്രഹങ്ങൾ, ഗംഗയെ തന്റെ ജടയിൽ തടയുന്ന ശിവൻ, ത്രിമൂർത്തീ ഭാവത്തിൽ ഒരു വശത്ത് സൃഷ്ടിയുടെ പ്രതീകമായ മാതളപ്പഴവും, ഒരുവശത്ത് പരിപാലന സൂചകമായ താമരപ്പൂവും ഒരുവശത്ത് സംഹാരസൂചകമായി കഴുത്തിൽ സർപ്പത്തെയും വഹിച്ചുനിൽക്കുന്ന ശിവൻ, അർദ്ധനാരീശ്വരരൂപം, പാർവ്വതീ പരമേശ്വര സംവാദങ്ങൾ, കൈലാസപർവ്വതമുയർത്താൻ നോക്കുന്ന രാവണൻ, മുക്കണ്ണനായ ശിവൻ തുടങ്ങിയ വിഗ്രഹങ്ങൾ നമുക്ക് എലിഫന്റാ ഗുഹകളിലൊന്നിൽ മാത്രം കാണുവാൻ സാധിക്കും.

എലിഫന്റയിലെ ഓരോ ഗുഹയിലെയും ശിൽപങ്ങളും കൊത്തുപണികളും ഭാരതശിൽപ കലയുടെ പാരമ്പര്യവും മേന്മയും വിളിച്ചറിയിക്കുന്നവയാണ്. എലിഫന്റാ ഗുഹകളിൽ മനുഷ്യകരങ്ങൾ 'കരിങ്കല്ലിൽ കവിത രചിച്ചിട്ട്' നൂറ്റാണ്ടുകൾ കഴിഞ്ഞിരിക്കുന്നു. കാലത്തിന്റെ കുത്തൊഴുക്കിൽ പെട്ട് അവയിൽ കുറെയൊക്കെ നശിച്ചുപോയി. എങ്കിലും ആർഷഭാരതത്തിന്റെ പ്രശസ്തമായ ശിൽപചാതുര്യം ഇന്നും നമുക്കീ ഗുഹകളിൽ കാണാം. കാരണം, ഈ ഗുഹകൾ എല്ലാത്തിനും സാക്ഷിയാണ്; ഒഴിവാക്കാൻ പറ്റാത്ത പലതിനും....

കാശിയിൽ തിരക്കേറുന്നു

ശ്രീരാം. വി.എസ്.
9 എ

ഗുരു ചോദിച്ചു. "മരണത്തെ ഭയമുണ്ടോ?" മരിക്കാൻ ഒട്ടും കൊതിയില്ലെന്നുത്തരം. ശിഷ്യന്റെ മറുചോദ്യം "മരണശേഷം എന്തായിരിക്കും?" ഗുരു തന്റെ വിജ്ഞാനത്തിന്റെ ഖജനാവ് തുറന്ന് അകത്ത് കയറി. ശിഷ്യനേയും വിളിച്ചു. അവന് ഒന്നും കാണാനായില്ല. ഇരുട്ട് മാത്രം. അതിനു കാരണം പാകതയെത്തിയിട്ടില്ലാത്ത അവന്റെ മനസ്സാണ് എന്നായിരുന്നു ഗുരുവിന്റെ വിശദീകരണം. ഉത്തരം അവിടെ തന്നെയുണ്ട്. ഏതായാലും രണ്ടുപേരും ഖജനാവിന്റെ പുറത്തിറങ്ങി. പഴയതുപോലെ അത് പൂട്ടി താക്കോല് മെത്തയ്ക്കടിയിൽ ഒളിപ്പിച്ചുവെച്ചു. ഇനി ഗുരു മരിച്ചാൽ ആ താക്കോല് ശിഷ്യന് സ്വന്തം. തന്റെ തലയിലേക്ക് എല്ലാം ആവാഹിക്കാം.



"ഗുരോ, അങ്ങ് മരിക്കുമ്പോൾ ഭൗതിക ശരീരം എന്തുചെയ്യണം?"

"നമ്മുടെ ആത്മാവ് പെട്ടെന്ന് വിഷ്ണുപദം പൂകുമെന്നതിനാൽ ഭൗതികദേഹം ചാമ്പലാക്കി അടുത്തുള്ള പുഴയിൽ നിക്ഷേപിച്ചോളൂ".

അടുത്തുതന്നെ ഗുരു മരിച്ചു. പറഞ്ഞതുപോലെതന്നെ മൃതദേഹം ചാമ്പലാക്കി. എന്നാൽ ഗുരുവിനോടുള്ള സ്നേഹാധിക്യം നിമിത്തം ശിഷ്യൻ ചിതാഭസ്മം അടുത്തുള്ള കിണറ്റിലാണ് നിക്ഷേപിച്ചത്. അന്നുരാത്രി ആശ്രമത്തിന്റെ കവാടത്തിൽ ഒരു കാൽപ്പെരുമാറ്റം. ശിഷ്യൻ വിളക്കു തെളിച്ചു. മുന്നിൽ ഗുരു നിൽക്കുന്നു. അവൻ പാദങ്ങളിലേക്ക് നോക്കി. അതെ, കാലുകൾ നിലത്തു തന്നെയാണ്. ഗുരുപറഞ്ഞു. "ഇപ്പോൾ എന്റെ ആത്മാവ് മാത്രമാണുള്ളത്. നിന്നെ കാണിക്കാൻ വേണ്ടി ഈ രൂപം ധരിച്ചതാണ്. ഇനി ആത്മാവിന്റെ യഥാർത്ഥരൂപത്തിലേക്ക് പോകാം." പെട്ടെന്ന് ആത്മാവ് ഒരു വട്ടപ്പൂജ്യമായി, ഒരു ബിന്ദുവായി. ഇപ്പോൾ ശബ്ദം മാത്രമേയുള്ളു. ആത്മാവ് അരൂപിയാണ്. പക്ഷെ അതിന്റെ സാന്നിദ്ധ്യം ശിഷ്യനറിയാം.

"എന്താണ് ഗുരോ സംഭവിച്ചത്? അങ്ങയുടെ ആത്മാവിന് വിഷ്ണുപദത്തിൽ സ്ഥാനം കിട്ടിയില്ലേ?"

"ഇല്ല, അവിടെ ഭയങ്കര തിരക്കാണ്. പണ്ട് മരിച്ച മന്ത്രിമാരിൽ ചിലർ ഇപ്പോഴും ക്യൂവിൽ തന്നെയാണ്. കാശിവഴി ചെല്ലുന്നവർക്കാണ് എളുപ്പം പ്രവേശനം കിട്ടുക."

"അതിനിനി എന്തു ചെയ്യും?"

"നീയാ കിണറ്റിലെ ജലം ശേഖരിക്കുക. അത് കാശിയിൽ കൊണ്ടുപോയി ഗംഗയിൽ ലയിപ്പിക്കുക."


ഗുരുവിന്റെ ആത്മാവിനെ എങ്ങനെയെങ്കിലും

മോക്ഷപദത്തിലെത്തിക്കണമെന്നതുകൊണ്ട് ശിഷ്യൻ കിണറ്റിലെ വെള്ളവുംകൊണ്ട് കാശിയിലേക്ക് പോയി. കൂടെ ഗുരുവിന്റെ ആത്മാവും.

വഴിമദ്ധ്യേ ശിഷ്യൻ സ്വർഗ്ഗത്തിലെ കാര്യങ്ങൾ തിരക്കി. എങ്ങനെയാണ് മോക്ഷപദത്തിൽ പ്രവേശിക്കുക എന്നറിയണം. ആത്മാവ് അറിയിച്ചു. "ഇപ്പോൾ അവിടെ കർശന നിയന്ത്രണമാണ്. എല്ലാവരേയും ക്യൂവിൽ നിർത്തിയിരിക്കുകയാണ്. അതിനുകാരണമുണ്ട്. പണ്ട്, കുറെയധികം ആത്മാക്കൾ ഒരുമിച്ചു ചെന്നപ്പോൾ അവിടേയ്ക്കു പ്രവേശനം ലഭിക്കാൻ കുറച്ചു സമയതാമസം നേരിട്ടു. അതിലെ ഒരു കുട്ടിയാത്മാവ് സ്വയം അവരുടെ നേതാവായി പ്രഖ്യാപിച്ച് ഒരു സംഘടനയുണ്ടാക്കി. അവരുടെ പ്രവർത്തനങ്ങൾ സമാധാനപൂർവ്വം നടന്നുവരവേ ഒരു വിദേശ ആത്മാവും രണ്ടു കുട്ടിയാത്മാക്കളും അവിടെ പ്രവേശിച്ചു. ആദ്യത്തെ കുട്ടിയാത്മാവിനെ വിട്ട് മറ്റു ആത്മാക്കളെല്ലാം വിദേശ ആത്മാവിന്റെ പിറകെ പോയി. അങ്ങനെ ആകെ പ്രശ്നമായി. "അപ്പോൾ വിദേശ ആത്മാക്കൾക്ക് ഇപ്പോൾ അവിടെ പ്രവേശനമില്ലേ?"

"ഇല്ല, ഈ മുക്തികേന്ദ്രം ഇന്ത്യയുടെ നേരെ മുകളിലാണ് സ്ഥിതിചെയ്യുന്നത്. മറ്റുള്ള രാജ്യക്കാർക്ക് അവരുടെ രാജ്യത്തിന്റെ മുകളിൽ ഓരോ കേന്ദ്രങ്ങൾ ഉണ്ട്. പാക്കിസ്ഥാനും ഇന്ത്യയ്ക്കും വെവ്വേറെയാണ് കേന്ദ്രങ്ങൾ. പണ്ട് ഒരുമിച്ചായിരുന്നു. ഇപ്പോൾ കാശ്മീരിലുള്ളവർക്ക് മുക്തി നേടാൻ ഒരു രക്ഷയുമില്ല. അവരെ ഒഴിച്ചുനിർത്തിയിരിക്കുകയാണ്. പിന്നെ അവിടുത്തെ ആത്മാക്കൾ ഇന്ത്യൻ കേന്ദ്രത്തിലേക്കോ പാക്കിസ്ഥാൻ കേന്ദ്രത്തിലേക്കോ നുഴഞ്ഞുകയറി മുക്തിനേടിക്കൊള്ളും. ഇപ്പോൾ കരുത്തനായ ഒരു ആത്മാവിനെ ദൈവം കാവൽക്കാരനായി നിയമിച്ചിരിക്കുകയാണ്. അയാൾ വന്നതോടെ ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് ആത്മാക്കൾക്ക് നിർബന്ധമാക്കി. ക്യൂവിൽ നിൽക്കുകയാണെങ്കിലും അത് ആവശ്യമാണ്. പിന്നെ, കാശിവഴി വരുന്നവർക്ക് അൽപം ഇളവുണ്ട്. ദൽഹിയിലാണ് ആത്മാക്കളുടെ ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യുന്ന ഏജൻസിയുള്ളത്.

പറഞ്ഞുപറഞ്ഞ് രണ്ടുപേരും കാശിയിലെത്തി. അവിടെയും ഭയങ്കരതിരക്കാണ്. ദൈവത്തിന്റെ പേരിൽ വയറു നിറയ്ക്കാൻ കുറേപ്പേർ കഷ്ടപ്പെടുന്നു. ഏഴുതലമുറ മുമ്പിലുള്ളവർക്കും വരാനിരിക്കുന്ന ഏഴുതലമുറകൾക്കും മുക്തി ലഭിക്കാനായി ആളുകൾ കർമ്മം ചെയ്യുന്നു. 'കർമ്മം' ചെയ്യുക എന്ന കൃഷ്ണോപദേശം അനുസരിച്ച് കർമ്മം ചെയ്യുന്നത് അധികപേരും കാശിയിലെത്തിയിട്ടാണ്. ശിഷ്യൻ ഗംഗയുടെ പടവുകളിലൊന്നിലിരുന്നു. ആത്മാവ് അടുത്തുകണ്ട മരത്തിന്റെ ചില്ലയിലും. കൂടെ കൊണ്ടുവന്ന കിണറ്റിലെ ജലം ഗംഗയിലൊഴിക്കാൻ തുടങ്ങിയപ്പോൾ കുറെപ്പേർ വന്ന് ശിഷ്യനെ തടസ്സപ്പെടുത്തി. അവരുടെയെല്ലാം ഗുരുക്കന്മാരുടെ ചിതാഭസ്മം ഗംഗയിലൊഴുക്കിയിട്ടുണ്ട്. ആ ഗുരുക്കന്മാരുടെ ആത്മാക്കളെല്ലാം അവിടെ ഉണ്ടുതാനും. അവർക്കൊക്കെ മോക്ഷം ലഭിച്ചിട്ടേ അടുത്തയാളിനെ ഗംഗയിൽ ലയിക്കാൻ അനുവദിക്കുകയുള്ളൂ എന്നവർ പറഞ്ഞു. ഗുരുവിന്റെ ആത്മാവിനെ മരത്തിലിരുത്തിയിട്ട് ശിഷ്യൻ ദൽഹിക്കു പോയി സ്വന്തമായൊരു ഐഡന്റിറ്റി കാർഡ് സംഘടിപ്പിക്കാൻ.



കവിത

നവനീത് ശ്യം
10 എ


മനസ്സാം ചിപ്പിയിൽ വിരിയും കവിതേ,
വേദനയോ നിന്നീണം?
നിന്നനുഭൂതി പകരം സ്പർശം
എൻ ചുണ്ടുകളിൽ പകരൂ...

മനസ്സോ, സത്യം നിറയും ജീവിത
ഗന്ധം പടരും നിന്നുറയോലും തീരം
മുകുളം പോലൊരു പടരിൽ
പിടയാനിനിയും ദാഹങ്ങൾ

നിതാന്ത ജ്വലനം കാക്കാനിനിയും
അകതാരിലെ സൂക്ഷ്മകരങ്ങൾ പിടയുന്നു

ഒരു ഭ്രാന്തന്റെ ജൽപനം

ട്രിനി ആന്റോ ആന്റണി
10 ബി



വാർമഴവില്ലുകൾ തെളിഞ്ഞ രാത്രിയിൽ
താരകളുണരുമ്പോൾ
മാലാഖകൾ പാവങ്ങളുടെ
കണ്ണീരൊപ്പുമ്പോൾ
ഹിമഗിരിശിഖരികളെ കാമുകിമാർ
തഴുകിയുണർത്തുമ്പോൾ
ഭൂമിദേവിയെ കാമിക്കാനായി
ചന്ദ്രൻ ഉദിക്കുമ്പോൾ
ജട മുടിയാട്ടും കവുങ്ങുകൾ
നിഴലിൽ കോലുകളിക്കുമ്പോൾ
നിലാവും കുളിരും ഈ ഭ്രാന്തനെ
ആട്ടിയകറ്റുന്നു
സ്നേഹം മഴയായി പെയ്തിറങ്ങാതെ
ഒരു രാത്രി കൂടി എന്നെ ഭ്രാന്തനാക്കുന്നു
ജീവിതമാകുന്ന ഊഷരഭൂമിയിൽ നടുന്ന
വഴുത്ത കാലുമായ് ഒരു ഭ്രാന്തനിതാ ജീവിക്കുന്നു

PULAVAR
HARDWARE

Market Road, Palakkad - 678 014
Phone : Shop - 500336, Resi - 535336
Authorised dealer for Berger Paints



ചിത്രശലഭം

ഷൈൻ ജോസഫ്
10 എ

ഞാനൊരു ചിത്രശലഭമായിടുകിൽ
ഗഗനപഥത്തിൽ ഉയർന്നു പൊങ്ങും
പൂവാടിയിൽ പുൽമേടുകളിൽ-
പ്പൂവിനു മുത്തം പകർന്ന് തരും

വർണ്ണങ്ങൾ ചേർന്ന ചിറകുകൾ വീശി
മേൽപോട്ടും മെല്ലെ ഉയർന്നു പൊങ്ങും
തുള്ളികളിക്കുന്ന കിടാങ്ങളോടൊപ്പം
പാറി പറക്കും വിഹായസ്സിൽ ഞാൻ

ഹാ! എന്തൊരു കഷ്ടമാം ദുർവിധി
മർത്ത്യനായ് തീരുവാനല്ലയല്ലോ?

മിന്നാമിനുങ്ങുകൾ

വിപിൻ ലോറൻസ്
8 എ

ഇളം നിലാവത്തവിടവിടായി
മിന്നും നക്ഷത്ര കുഞ്ഞുങ്ങളെ
നിന്നുടെ തിളക്കമാർന്ന മേനിയിലുള്ള-
തെന്താണെന്നാണ് പറയുക നീ
സൂര്യദേവന്റെ കുഞ്ഞിളം മക്കളോ
അതോ പേരമക്കളോ നിങ്ങൾ
നിങ്ങളിൽ ചിലരിതാ ധരണിയിൽ
ഇതാ വിണ്ടുകൊണ്ടിരിക്കുകയാണ്
അവരതാ അവിടവിടായി മിന്നി
മിനുങ്ങി പറന്നു വിഹായസിലേക്കുയരുന്നു
ചിലരിതാ താഴ്ന്നു പറന്ന് കുറ്റി-
ക്കാടുകളിൽ ചെന്നു മറയുന്നിതാ
വേറെചിലരിതാ പച്ച പരവതാനി
വിരിച്ചതുപോലുള്ള പുൽമേടകളിൽ
പോയിരുന്നതാ കളിച്ചുകൊണ്ടിരിക്കുന്നു
അവരെകണ്ടാൽ പച്ച പരവതാനിമേൽ
പവിഴം വിതറിയതുപോൽ തോന്നും
ഇവർതന്നെയാണ് യഥാർത്ഥ മിന്നാമിനുങ്ങുകൾ

ലേഖനം

മൃത്യുബോധം സാഹിത്യത്തിൽ

ഗോപകുമാർ. പി.എൻ
(അധ്യാപകൻ)

മരണത്തെ ജീവിതാന്ത്യമായും ആത്മഹത്യ ജീവിത രതിയുടെ മുൻകൂട്ടിയുള്ള സമാപ്തിയായും പലപ്പോഴും നിർണ്ണയിക്കപ്പെടാറുണ്ട്. എന്നാൽ ഇവ രണ്ടും എത്തിച്ചേരുന്നത് ഒന്നിൽ തന്നെയല്ലേ? മനുഷ്യൻ എന്നും ഭീതിയോടുകൂടി മാത്രം അഭിമുഖീകരിക്കുന്ന ഈ പ്രതിഭാസത്തെ ഒരനിവാര്യതയായി കാണാതെ തികച്ചും സംശയത്തോടുകൂടി വീക്ഷിക്കുന്ന മാനസികവികാരം യഥാർത്ഥത്തിൽ പ്രകൃതിയുമായുള്ള ബന്ധത്തെ അടിസ്ഥാനമാക്കിയുള്ളതാണെന്നു കാണാം. പ്രകൃതിയും മനുഷ്യനുമായുള്ളബന്ധം നിസ്തർക്കമായി തെളിയിക്കപ്പെട്ടിട്ടുള്ളതുമാണ്. ഈ കണ്ണിയുടെ ഇഴപിരിയലും ഒട്ടേറെ രഹസ്യങ്ങളിലേക്കുള്ള യാത്ര എന്ന ജിജ്ഞാസയുമായാരിക്കാം മൃത്യുഭയത്തിന് കാരണമായി വർത്തിക്കുന്നത്.

"ജീവിതം അർത്ഥവത്തല്ലെങ്കിൽ നിങ്ങൾക്കെന്തുകൊണ്ട് ആത്മഹത്യയെ തിരഞ്ഞെടുത്തുകൂടാ." എന്ന രീതിയിൽ അവതരിപ്പിച്ചുകൊണ്ട് ആത്മഹത്യതന്നെയാണ് ഏറ്റവും വലിയ ദാർശനിക പ്രശ്നമെന്ന് ആൽബേർകാമു വ്യക്തമാക്കുന്നുണ്ട്. "എസ്സേ ഓൺ സൂയിസൈഡ്" എന്ന ലേഖനത്തിൽ "മരിക്കാൻ ഈശ്വരൻ തുറന്നുകൊടുക്കുന്ന ഒരു വഴിയാണ്" ഇതെന്ന് ഡേവിഡ് ഹ്യൂമും അഭിപ്രായപ്പെടുന്നുണ്ട്. സ്റ്റംബീഡ് വെറുമൊരു പ്രാകൃതിക വ്യതിയാനത്തിന്റെ ഫലമാണെന്നിരിക്കെ ജന്തുക്കളുടെ ഇടയിൽ ആത്മഹത്യ ഇല്ലെന്നു തന്നെയാണ് നിലവിലുള്ളവാദം. എന്നാൽ ഭാരതീയ സംസ്ക്കാരം സതിയിലൂടെയും ജപ്പാൻ ജനത 'ഹരാക്കിരി'യിലൂടെയും സമൂഹമനസ്സിൽ ഇതിന്റെ വിത്തു പാകിയിരുന്നു എന്നത് വളരെ ശ്രദ്ധേയമാണ്. സ്വയം 'വയറു കുത്തിക്കീറുക' എന്നതാണ് ഹരാക്കിരി കൊണ്ടുദ്ദേശിക്കുന്നത്. പുരാണങ്ങൾ എന്നും ആത്മഹത്യക്കെതിരായിരുന്നു. 'ഭ്രാതൃഘാതകനുള്ളതിനേക്കാൾ ഘോരമായ നരകമാണ് ആത്മഘാതകനെ'ന്ന് ഗീത അനുശാസിക്കുന്നു.

യഹൂദമതം, ക്രിസ്തുമതം, ഖുറാൻ എന്നിവയെല്ലാം തന്നെ ഇത്തരത്തിലുള്ള ഒരു ചിന്താഗതിതന്നെയാണ് വിവക്ഷിക്കുന്നത്. ഒരു പരിധിവരെ മതഗ്രന്ഥങ്ങൾ തന്നെയല്ലേ മനുഷ്യന് മരണത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങളും പ്രതീകങ്ങളും പരിചിതമാക്കിക്കൊടുത്തത്. മൃത്യുവിന്റെ അന്ധകാരത്തിലേക്ക് അല്പമെങ്കിലും എത്തിനോക്കാത്ത ഒരു മതചിന്തയും ഇല്ലെന്നുതന്നെ പറയാം. അവയെല്ലാം തന്നെ വിചിത്രാനുഭൂതികളെ കണ്ടെത്തി ശരീരത്തിലെ 'ഞാൻ' എന്ന ആത്മാവിനെയും, ശരീരം നശിച്ചാലും– നിലനിൽക്കുന്ന സത്തയെയും ഒട്ടേറെ ഊഹാപോഹങ്ങളിലൂടെ സ്ഥാപിക്കുവാനും ശ്രമിച്ചിട്ടുണ്ട്. മനുഷ്യനിലെ ജീവിതവാസന എത്രയുണ്ട് അത്രതന്നെ മൃത്യുവാസനയിൽ തന്നെയുള്ള അക്രമവാസന തന്നിലേക്കു തിരിയുന്നതിന്റെ ഫലമാണ് ആത്മഹത്യയെന്നതുമാണ് ഫ്രോയിഡിയൻ മതം.

മരണത്തിന് നാം എന്നും കൽപ്പിക്കുന്ന നിറം കറുപ്പാണ്. മനഃശാസ്ത്രപരമായി ഏറ്റവും പ്രാധാന്യമർഹിക്കുന്ന നിറവും കറുപ്പുതന്നെ. എല്ലാ അനന്തതകളിലുമടങ്ങുന്നത് ഈ വർണ്ണം തന്നെയാണ്. സാഗരത്തിന്റെ വിശാലതയും, ആഴവും ആസ്വദിക്കാത്തവരായി ആരും തന്നെയില്ല. കടലും, ആകാശവും, ഒരു ദിനത്തിന്റെ അന്ത്യമെന്ന് വിശേഷിപ്പിക്കപ്പെടുന്ന സന്ധ്യയും ചക്രവാളവും മനുഷ്യന്റെ മനസ്സിൽ ഏതോ ഒരു വികാരം ഉദ്ദീപിപ്പിക്കാറില്ലേ? ഈ ഇൻഫിനിറ്റികൾ മനസ്സിലുണർത്തുന്ന അനുഭൂതി മറ്റൊരു വിധേനയും ലഭിക്കാത്തതുമാണ്. സാഗരമാനസം അഗാധതകളിൽ ഉൾക്കൊള്ളുന്നതും അനന്തവിഹായസ്സിൽ അർത്ഥവത്തായതും ഈ ശ്യാമവർണ്ണം തന്നെ. മൃത്യുവും അത്തരത്തിലുള്ള ഒരനന്തതയാണ്. ഒരിക്കലും അതിർത്തികൾ കണ്ടെത്താൻ ശാസ്ത്രത്തിനുപോലും സാധിച്ചിട്ടില്ലാത്ത ഒരനിർവചനീയത.

ഇംഗ്ലീഷ് കഥാകാരിയായ വെർജീനിയ വുൾഫിനപ്പോലെ, റഷ്യൻ കവി മയക്കോവസ്കിയെപ്പോലെ ജീവിത

ചൈതന്യത്തെ പച്ചയായി ചിത്രീകരിച്ച കഥാകാരിയാണ് രാജലക്ഷ്മി. രണ്ട് പൂർണ്ണനോവലുകളും, ഒരപൂർണനോവലും ഏതാനും ചെറുകഥകളും കൊണ്ട് മലയാള സാഹിത്യ രംഗത്ത് അനശ്വരപ്രതിഷ്ഠ നേടിയ സാഹിത്യകാരിയാണവർ. ഒട്ടേറെ ആരാധകരും, നല്ല കുടുംബാന്തരീക്ഷവും ജോലിയുമൊക്കെ ഉണ്ടായിരുന്നിട്ടും മുപ്പത്തിനാലാം വയസ്സിൽ അവർ ആത്മഹത്യ ചെയ്തു. സാധാരണ നടക്കുന്ന ആത്മഹത്യകളിൽ ഭൂരിഭാഗവും വിചിന്തനമില്ലാത്ത കൃത്യങ്ങളായാണ് കാണേണ്ടത്. എന്നാൽ ഇവയിൽ നിന്നൊക്കെ ഒട്ടേറെ വ്യത്യാസമുണ്ട് രാജലക്ഷ്മിയുടേതിന്. അവരുടെ മരണത്തെക്കുറിച്ചുള്ള പല പഠനങ്ങളും ഇറങ്ങുകയുണ്ടായിട്ടുണ്ട്. തികച്ചും ആത്മഹത്യയെ ഭയത്തോടുകൂടി മാത്രം വീക്ഷിച്ചിരുന്ന അവരുടെ കഥകളിലെ ഒരു കഥാപാത്രവും ഇത്തരമൊരു ശ്രമത്തിന് മുതിർന്നിട്ടില്ലെന്നതും ശ്രദ്ധേയമാണ്. ഈ വിധേനയുള്ള പ്രവൃത്തികളെക്കുറിച്ച് ആദ്യമായി ഗവേഷണം നടത്തിയ ദർഹം വ്യക്തമാക്കുന്ന മൂന്നു കാര്യങ്ങളുണ്ട്. ഒന്ന് അഹംബോധത്തിലുള്ള ആത്മഹത്യ, രണ്ട് കൃത്യതയില്ലാത്തത്, മൂന്ന് പരാർത്ഥകമായത് എന്നിവയാണവ. രാജലക്ഷ്മിയുടെ മിക്ക കഥാപാത്രങ്ങളിലും കഥാകാരിയിലെ 'ഞാൻ' നിറഞ്ഞുനിന്നിരുന്നു. ഈ ആത്മപരത ദർഹം വിശേഷിപ്പിക്കുന്ന ഒന്നാമത്തെ അതായത് 'അഹം' ബോധത്തിന് വഴിയൊരിക്കിയിരിക്കാം. ഈ ഉള്ളിലൊതുക്കാൻ കഴിയാത്ത ഭാവത്തെ അവരുടെ കൃതികളിലുടനീളം പ്രതിഷ്ഠിച്ചിരുന്നു എന്നു തന്നെയാണ് മറ്റൊരു പ്രത്യേകത. പ്രത്യാശകളെയും, സ്വപ്നങ്ങളെയും സ്വയം ഹോമിച്ചുകൊണ്ട് ഒരുതരം ആത്മത്യാഗത്തിലൂടെ നിർവൃതി നേടുന്ന കഥാപാത്രങ്ങളെയാണ് അവർ സൃഷ്ടിച്ചിരുന്നത്. ഈ തീക്ഷ്ണത അവർ സ്വജീവിതത്തിൽ ഭാവദീപ്തമാക്കി.

മരണമെന്ന നിസ്സംഗതയുമായുള്ള ഹൃദയ സാന്നിദ്ധ്യവും സല്ലാപവുമാണ് സഫലമീയാത്ര പോലുള്ള ശ്രേഷ്ഠ കൃതികളുടെ രചനയ്ക്ക് ശ്രീ. എൻ.എൻ. കക്കാടിനെ പ്രേരിപ്പിച്ചത്. അദ്ദേഹം തന്റെ കാത്തിരിപ്പിന്റെ നിമിചങ്ങളെ വർണ്ണിക്കുന്നതു നോക്കുക. ".....ആ ദിനങ്ങൾ അത്ഭുതകരങ്ങളായിരുന്നു. ഉത്കണ്ഠയില്ല, ഭീതിയില്ല, ദുഃഖമില്ല, ആഹ്ലാദമില്ല, വാച്യമായൊരു പ്രശ്നത്തിന്റെ നാളുകൾ; എല്ലാത്തിനോടും– നിലാവിനോടും, മഞ്ഞിനോടുംകൂടി ഒരുതരം വാത്സല്യം തോന്നിയ ദിനങ്ങൾ." – ആ വികാരത്തെ ഇത്രയേറെ അനുഭവിച്ചറിഞ്ഞ ഒരു സാഹിത്യകാരനും ഉണ്ടാവില്ലെന്നുതന്നെ പറയാം. അതുകൊണ്ടാണല്ലോ അബോധമനസ്സിൽ നിന്നും ഒച്ചയുണ്ടാക്കാതെ ആതിര വരുന്നതും, ഓർമ്മകൾ തിളങ്ങാതെ, മധുരങ്ങൾ പാടാതെ, പാതിരകളിളകാതെയറിയാതെ ആർദ്രയാമാർദ്ര വരുന്നത്... അദ്ദേഹത്തിന് മൃതി ആരതിയാണ്, സന്ധ്യയാണ് കോമാളിയാണ്, ചങ്ങാതിയാണ് എല്ലാമാണ്.

വൈലോപ്പിള്ളിക്കവിതകളിലെ ഗന്ധബിംബങ്ങളുടെ ധാരാളിത്തം ഏനൽ ഇറോട്ടിക് വ്യക്തിത്വത്തിന്റെ സവിശേഷതകൾ ഉൾക്കൊള്ളുന്നതായി എം.എൻ. വിജയൻ നിരീക്ഷിക്കുന്നുണ്ട്. എന്നാൽ ഈ പ്രത്യേകതകളേക്കാളുപരിയായി ഇത്രയേറെ 'കറുപ്പി'നെ ഇഷ്ടപ്പെട്ട കവി വേറെയുണ്ടാകില്ല. അതുകൊണ്ടാണല്ലോ പുക, ആന, കാക്ക തുടങ്ങിയ ബിംബങ്ങൾ കവിഭാവനയിൽ നിറയുന്നത്.

"ജാതസ്യഹിധ്രുവോമൃത്യുർ
ധ്രുവാം ജന്മമൃതസ്യച
തസ്മാദപരിഹാർത്ഥേ
നത്വം ശോചിതുമർഹസി"

(ജനിച്ചവന് മരണവും മരിച്ചവന് ജനനവും നിശ്ചയിച്ചിരിക്കുന്നതിനാൽ പരിഹാരമില്ലാത്ത ഈ കാര്യത്തിൽ ദുഃഖിക്കേണ്ടതില്ല) എന്ന ഗീതാവാക്യത്തിന്റെ പൊരുൾ ഏറെ മനസ്സിലാക്കിയ കവിയാണ് ജി. ശങ്കരക്കുറുപ്പ്. പഴകുംതോറും ജീവിതത്തെ കൂടുതൽക്കൂടുതൽ സ്നേഹിക്കുന്ന കവി മൃത്യുവിനെയും അത്രമേൽതന്നെ സ്നേഹിക്കുന്നു. അതായത് എത്രമാത്രം ജീവിതത്തെ സ്നേഹിക്കുന്നു അത്രത്തോളം തന്നെ മരണത്തെ സ്നേഹിക്കാൻ കഴിയും. രാത്രി വരുന്നവനു പകലോനെക്കുറിച്ച് പാടാൻ കവിക്ക് സാധിക്കുന്നു. ജീവിതത്തെ, മരണത്തെ, പ്രപഞ്ചത്തെ സാകല്യമായി ദർശിക്കാൻ സാഹിത്യകാരന് സാധിക്കുന്നു.


"There is darkness without and when I die there will be darkness within. There is no splendour and vastness, anywhere, only triviality for a moment and then nothing" എന്നതെത്ര ശരിയാണ്. "നശ്വരതയിൽ നിന്ന് മരണം" ഇതൊരിക്കലും ഒരവസാനവാക്കല്ല. ഒന്നുമില്ലാത്തതിൽ നിന്ന് മനുഷ്യനെ രക്ഷിക്കാനാണ് മരണം ഒരു ദൂതനെപ്പോലെ രഥവുമായി കടന്നുവരുന്നത്. ഇത് ജീവിതത്തിന്റെ ഒരു പിൻതുടർച്ച മാത്രം എന്ന രീതിയിൽ ചിന്തിച്ചതിനാലാണ് കീറ്റ്സിനെപ്പോലെ എമിലി ഡിക്കിൻസനും "എനിക്ക് മരണത്തെ തടഞ്ഞുനിർത്താനായില്ല" എന്നൊരു കവിതയിൽ പാടുവാനാഗ്രഹിച്ചത്.

ഒരു വ്യക്തിക്ക് മൃത്യുവിനെ പ്രേമിക്കുവാൻ കഴിയുന്നുണ്ടെങ്കിൽ ജീവിതത്തെ അത്രമാത്രം മനസ്സിലാക്കാൻ അയാൾക്കു കഴിഞ്ഞിട്ടുണ്ടെന്നു കരുതാം. അസ്വാസ്ഥ്യങ്ങൾ, ഹൃദയവ്യഥകൾ വേദനകൾ ഇവയെല്ലാം തന്നെ അതിലേക്കുള്ള പടവുകളായിരിക്കാം. ഏതോ ഒരു അദൃശ്യശക്തി ഓരോ ജീവകണത്തേയും നിയന്ത്രിക്കുന്നുണ്ടെന്നും, ലോകത്തെമ്പാടുമുള്ള വ്യഷ്ടി സമഷ്ടിയും എത്തിച്ചേരുന്നതൊന്നിലാണെന്നുമുള്ള യാഥാർത്ഥ്യം മനുഷ്യൻ മനസ്സിലാക്കുന്ന


താണ് ആ നിമിഷം. ജീവനുള്ളവയ്ക്കെല്ലാം. ഒരു അന്ത്യം പ്രതീക്ഷിച്ചേ മതിയാകൂ എന്നതൊരു പ്രപഞ്ച ശക്തിയിൽ- ഈശ്വരനിൽ, ലയിക്കുന്ന ആ നിമിഷം ധന്യമാണ്, അനിവാര്യമാണ്. ജീവിതം എന്ന വൃത്തത്തിന്റെ പകുതി മാത്രമേ ഭൂമിയിൽ പൂർണമാകുന്നുള്ളു. ബാക്കിഭാഗം സ്വർഗ്ഗത്തിൽ വച്ചാണ് പൂർണമാകുന്നത്. "Earth being so good, would heaven seem best"! റോബർട്ട് ബ്രൗണിംഗ് പാടുന്നതു പോലെ ശുഭാപ്തിവിശ്വാസക്കാരാകണം നാം. ജീവിതവ്യഥകളെ ഓർത്ത് ദുഃഖിക്കേണ്ടതില്ല. ഈ ലോകത്തിൽ എല്ലാ ആഗ്രഹങ്ങളും നിറവേറുന്നവരായി ആരും തന്നെ ഇല്ല. ഭഗവദ്ഗീത ഉദ്ഘോഷിക്കുന്നപോലെ ഇവിടെ നമുക്കുമുണ്ട്. ചെയ്യാനുള്ളത് ഫലമിച്ഛിക്കാതെ കർമ്മം ചെയ്യുക- സ്നേഹിക്കുവാൻ പഠിക്കുക- ജീവിത പ്രേമം അമൃതമാണ്- ആത്മാവിനെ അനശ്വരമാക്കുന്ന നിത്യതയുടെ ദിവ്യപ്രഭാവം.

ആരംഭമായൊരു പുതുദിനത്തിൽ

വിവേക്. കെ
8 എ



മലകൾതൻ പിന്നിൽ നിന്നെത്തിനോക്കി
വെട്ടിത്തിളങ്ങുന്ന സൂര്യബിംബം
മഞ്ഞിൻ പുതപ്പുമായ് എത്തീയുഷഃകാലം
സൂര്യന്റെ രശ്മികൾ വന്നടുത്തു
മേഘങ്ങളോടിക്കളിക്കുന്നു വാനിൽ
പക്ഷികൾ തൻ സൗരഭം പേറിയെത്തും
മാരുതൻ ദിക്കെട്ടും വീശിടുന്നു
പച്ചിലച്ചാർത്തിലായ് അങ്ങുമിങ്ങും
മഞ്ഞിൻ കണികകൾ മുറ്റിനിന്നു
പൂക്കളിൽ നിറയുന്ന തേൻ കുടിക്കാൻ
കാർവണ്ടു മൂളിപ്പറന്നു വന്നു
ഓലകളാട്ടി രസിക്കുന്ന തെങ്ങുകൾ
ആടിയുലയുന്ന വൻമരങ്ങൾ
വയലിന്നരികിലെ താമരപൊയ്കയിൽ
പലതരം പക്ഷികൾ പാറിവന്നു
മുപ്പെത്തി നിൽക്കും കതിർക്കുലകൾ
കാറ്റിനോടൊത്തു ചാഞ്ചാടിടുന്നു
മെല്ലെയുണർന്നു മനുഷ്യരെല്ലാം
വീടിന്നകത്തവർ തിരിതെളിച്ചു
ആലസ്യഭാവമകന്നു പോയി
ഓജസ്സു വീണ്ടും തിരിച്ചുകിട്ടി
പുലരിതൻ പുത്തനുണർവ്വുമായി
പലതരം പണികളിൽ ഏർപ്പെടുന്നു
എന്നത്തെയും പോലെ ഇന്നും തുടങ്ങയായ്
ആരംഭമായൊരു ശുഭദിനത്തിൻ



ഗുരുവചനം

വിതയ്ക്കാം മാനവികതയുടെ വിത്തുകൾ

നിത്യചൈതന്യയതി

